ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക്‌ലിസ്റ്റ്

111 (3065) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ പി.എസ്.സി. വിജ്ഞാപന പ്രകാരം 2003 ഫെബ്രുവരിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ ലിസ്റ്റിൽനിന്നും നിയമനത്തിനായി പി.എസ്.സി. എത്ര പേർക്ക് അഡ്വൈസ് അയച്ചു ;

(സി) സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിലായി എത്ര സെക്രട്ടറിമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 106 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 123 പേർക്ക്.

(സി) 123 ഒഴിവുകൾ.

(ഡി) പി.എസ്.സി. അഡ്വൈസ് ചെയ്ത 123 പേരിൽ 106 പേർക്ക് നിയമനം നൽകി. ബാക്കിയുള്ള 17 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

112 (3066) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏത് ഹെഡ്ഡിൽ നിന്നാണ് ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയുള്ളത് ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് പൂർണ്ണമായും ശമ്പളം ലഭ്യമാക്കാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതാത് പഞ്ചായത്ത് ഫണ്ടിൽ നിന്ന്.

(ബി) 55

(സി) പെരുംപളം, മുടാർ, കുഴിപ്പിള്ളി, വേങ്ങൂർ, കടമക്കുടി, ചിറ്റാറ്റുകര, ഏഴിക്കര, കൊടുവള്ളി, തുറവൂർ, കീരംപാറ, പോത്താനിക്കാട്, ആലക്കോട്, പാറക്കടവ്, ചക്കുപ്പള്ളം, ഏലപ്പാറ, കാന്തള്ളൂർ, കരിങ്കുന്നം, മണക്കാട്, പുറപ്പുഴ, സേനാപതി, വണ്ടിപ്പെരിയാർ, വെള്ളിയാമറ്റം, കൊക്കയാർ, മരിയാപുരം, കാട്ടകാംപാൽ, ഒരുമനയൂർ, വല്ലച്ചിറ, പുത്തൻചിറ, വരവൂർ, പൊയ്യ, വേലൂക്കര, ചുണ്ടൻ, വടവന്നൂർ, വണ്ടാഴി, അയിലൂർ, തച്ചൻപാറ, പടഞ്ഞേരി, തൃക്കടീരി, വടകരപ്പതി, കാവശ്ശേരി, കോട്ടായി, പുതുക്കോട്, എരുത്തോംപതി, എരിമയൂർ, നല്ലേപ്പിള്ളി, പെരുറവമ്പ്, കണ്ണംപ്ര, പുതുനഗരം, പൊൽപ്പുള്ളി, കുത്തനൂർ, പൂക്കോട്ടുകാവ്, വടക്കഞ്ചേരി, അച്ചനാട്ടുകര, ചളവറ, ഷോളയൂർ.

(ഡി) ഉണ്ട്.

(ഇ) സാമ്പത്തിക സ്ഥിതി മോശമായ ഗ്രാമപഞ്ചായത്തുകൾക്ക് റൂറൽ പൂളിൽ നിന്നുള്ള തുക മുൻഗണന നൽകി റിലീസ് ചെയ്യാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സാമ്പത്തിക സ്ഥിതി മോശമായ പഞ്ചായത്തുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പ്ലാനിംഗ് ബോർഡുമായും വിവിധ വകുപ്പുകളുമായും ചർച്ച ചെയ്തു പരിഹാരം കാണാൻ ശ്രമിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യസിച്ച അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പള ബിൽ അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥ

113 (3067) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ വിട്ടു കൊടുത്തതും ഗ്രാമപഞ്ചായത്തിലേക്ക് പുനർവിന്യസിച്ചതുമായ അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പള ബിൽ ജലവകുപ്പിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ അംഗീകരിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഇവരെ പുനർവിന്യസിച്ച് ഇറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ ശമ്പളബിൽ അംഗീകരിക്കുന്നതിന് കണക്കിൽ എടുക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly